**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3075** **01-03-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കേബിൾ സ്ഥാപിക്കുന്നതിനുള്ള റെസ്റ്ററേഷൻ ചാർജ്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേയിൽ കുണ്ടാർ മുതൽ പരപ്പ വരെ വൈദ്യുതി കേബിൾ ഇടുന്നതിന് കെ.എസ്.ഇ.ബി. പൊതുമരാമത്ത് വകുപ്പിൽ റെസ്റ്ററേഷൻ ചാർജ്ജ് അടച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ചെർക്കള - ജാൽസൂർ പൊതുമരാമത്ത് റോഡിൽ (SH) കി.മീ 23/900 മുതൽ 31/900 (കുണ്ടാർ മുതൽ പരപ്പ) വരെ വൈദ്യുതി കേബിൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി റെസ്റ്റോറേഷൻ തുകയായി 14,68,256/- രൂപയും സെക്യൂരിറ്റി ഡപ്പോസിറ്റായി 2,98,610/- രൂപയും ബാങ്ക് ഗ്യാരന്റിയും ഡെപ്പോസിറ്റ്ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്റ്റേറ്റ് ഹൈവേയിൽ ഗ്വാളിമുഖം മുതൽ കൊട്ടിയാടി വരെ കർണ്ണാടക സംസ്ഥാനത്തിലൂടെ കടന്ന് പോകുന്ന 2.5 കി.മീ. റോഡിന്റെ ഭാഗം നിലവിൽ ആരുടെ ഉടമസ്ഥതയിലുള്ളതാണെന്ന വിശദാംശം അറിയിക്കാമോ? | (ബി) | പ്രസ്തുത സ്റ്റേറ്റ് ഹൈവേയിൽ ഗ്വാളിമുഖം മുതൽ കൊട്ടിയോടി വരെയുള്ള ഭാഗത്ത് വർഷങ്ങൾക്കു മുൻപ് റോഡ് നിർമ്മാണം നടത്തിയിട്ടുള്ളത് കേരള പൊതുമരാമത്ത് വകുപ്പാണ്. എന്നാൽ ഇപ്പോൾ ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് കർണ്ണാടക സർക്കാർ അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. ആയതിൽ വ്യക്തത വരുത്തുന്നതിനായി റവന്യ വകുപ്പുമായി സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ